**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1944** **09-12-2022 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ തസ്തികകളുടെ ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വർക് ഷോപ്പ് ഇൻസ്ട്രക്ടർ , ഡെമോൺസ്ട്രേറ്റർ, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II, ഇൻസ്ട്രക്ടർ ഗ്രേഡ് II, വർക്ക്ഷോപ്പ് ഫോർമാൻ, ഇൻസ്ട്രക്ടർ എൻജിനീയറിംഗ്, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I എന്നീ തസ്തികകൾക്ക് മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, ഡെമോൺസ്ട്രേറ്റർ, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II, ഇൻസ്ട്രക്ടർ ഗ്രേഡ് II, വർക്ക്ഷോപ്പ് ഫോർമാൻ, ഇൻസ്ട്രക്ടർ എൻജിനീയറിംഗ്, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I എന്നീ തസ്തികകൾക്ക് മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ എൽ2/238/2022/ഉ.വി.വ നമ്പർ ഫയലിൽ സർക്കാർ പരിശോധിക്കുന്നു. പ്രസ്തുത പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയിൽ L2/238/2021/ എച്ച്.ഇഡി.എൻ. ഫയലിൽ സ്വീകരിച്ച നടപടികൾ ലഭ്യമാക്കുമോ; | (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, ഡെമോൺസ്ട്രേറ്റർ, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II, ഇൻസ്ട്രക്ടർ ഗ്രേഡ് II, വർക്ക്ഷോപ്പ് ഫോർമാൻ, ഇൻസ്ട്രക്ടർ എൻജിനീയറിംഗ്, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I എന്നീ തസ്തികകൾക്ക് മൂന്നാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ എൽ2/238/2022/ഉ.വി.വ നമ്പർ ഫയലിൽ സർക്കാർ പരിശോധിക്കുന്നു. പ്രസ്തുത പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ പോളിടെക്നിക്കുകളിൽ പുതിയ പ്രൊമോഷൻ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സാങ്കേതിക/ലാബ് തസ്തികകളിലെ ജീവനക്കാർക്ക് അനുപാത ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനുള്ള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരാതെ സീനിയർ ഗ്രേഡ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ശിപാർശ പരിഗണിക്കാനാവില്ല എന്ന് 10/6/2022-ലെ എൽ2/340/2021/ഉ.വി.വ കത്ത് പ്രകാരം |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ സർക്കാർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വ്യത്യസ്ത ഉദ്യോഗ പേരുകളും സമാന ജോലി സ്വഭാവവും ഒരേ ശമ്പള സ്കെയിലുമുള്ള ഡിപ്ലോമ യോഗ്യതയുള്ള തസ്തികകളെ ഏകീകരിക്കുന്നത് (റീഗ്രൂപ്പിംഗ്) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് റൂൾ പരിഷ്കരണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | വ്യത്യസ്ത ഉദ്യോഗ പേരുകളും സമാന ജോലി സ്വഭാവവും ഒരേ ശമ്പള സ്കെയിലുള്ള ഡിപ്ലമോ യോഗ്യതയുള്ള തസ്തികകളെ ഏകീകരിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. തസ്തികകൾ ഏകീകരിച്ചു കൊണ്ട് സർക്കാർ അനുമതി നൽകിയതിന് ശേഷം മാത്രമേ സബോർഡിനേറ്റ് സർവ്വീസ് റൂൾ കരടിൽ ഉൾപ്പെടുത്തുന്നതും പരിശോധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ